# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1375** 30.01.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

**സർവ്വകലാശാലകളിലെ വി.സി., പി.വി.സി. പദവികളിലെ ഒഴിവുകൾ**

*ചോദ്യം*
ശ്രീ.എൻ. ഷംസുദ്ദീൻ :

*ഉത്തരം*
പ്രൊഫ. സി രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എതെല്ലാം സർവ്വകലാശാലകളിലാണ് വി.സി., പി.വി.സി. പദവികൾ ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ; ഓരോ സർവ്വകലാശാലകളിലും എന്നു മുതലാണ് പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | മലയാള സർവ്വകലാശാലയിൽ 2017 ഒക്ടോബർ 26 മുതലും എപിജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ 01.01.2018 മുതലും വൈസ് ചാൻസലർ തസ്തിക ഒഴിഞ്ഞ് കിടക്കുന്നു.<br><br>മലയാള സർവ്വകലാശാലയിൽ പ്രോ വൈസ് ചാൻസലർ തസ്തികയിൽ ഇതുവരെ ആരെയും നിയമിച്ചിട്ടില്ല. കേരള സർവ്വകലാശാലയിൽ പ്രോ വൈസ് ചാൻസലർ തസ്തിക 22.08.2017 മുതൽ ഒഴിഞ്ഞ് കിടക്കുന്നു. |
| (ബി) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കുവാൻ ഉണ്ടാകുന്ന കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ; ഒഴിഞ്ഞു കിടക്കുന്ന വി.സി., പി.വി.സി. തസ്തികകളിൽ നിയമനം നടത്തുവാൻ അടിയന്തരമായി നടപടി സ്വീകരിക്കാമോ? | (ബി) | യുജിസി നിയമപ്രകാരം മലയാള സർവ്വകലാശാല വൈസ് ചാൻസലറെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>പ്രോ വൈസ് ചാൻസലറുടെ നിയമനം അതാത് സർവ്വകലാശാല സിൻഡിക്കേറ്റ് / എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം വൈസ് ചാൻസലറാണ് നടത്തേണ്ടത്. |

സെക്ഷൻ ഓഫീസർ